**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 530** **13-10-2026-ൽ മറുപടിയ്ക്ക്**

**ഉദുമ ടെക്സ്റ്റൈൽ മില്ലിന്റെ പ്രവർത്തനം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. നീലകണ്ഠൻ

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി)

**(എ)** ഉദുമ നിയോജക മണ്ഡലത്തിലെ ടെക്സ്റ്റൈൽ മിൽ നിലവിൽ ലാഭത്തിലാണോ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ;

**മറുപടി:** കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കീഴിൽ കാസർകോട് ജില്ലയിലെ മൈലാട്ടിയിൽ പ്രവർത്തിക്കുന്ന ഉദുമ ടെക്സ്റ്റൈൽ മിൽസ് (Uduma Textile Mills) നിലവിൽ നഷ്ടത്തിലാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്.

**(ബി)** അല്ലെങ്കിൽ ഇത് ലാഭത്തിലാക്കാൻ പുതിയ നിർദ്ദേശങ്ങൾ എന്തെങ്കിലും പരിഗണനയിൽ ഉണ്ടോ; വിശദാംശം അറിയിക്കാമോ;

**മറുപടി:** മില്ല് ലാഭകരമാക്കുന്നതിനായി ഇതര വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനുള്ള സാധ്യതകൾ പരിശോധിച്ച് വരുന്നു.

**(സി)** പ്രസ്തുത സ്ഥാപനത്തിന്റ പരിസരത്ത് ദേശിയ പാത 66 നോട് ചേർന്ന് എത്ര ഏക്കർ ഭൂമി കാടുപിടിച്ച് കിടക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

**മറുപടി:** ദേശിയ പാത 66 നോട് അടുത്ത് ഏകദേശം 17 ഏക്കർ സ്ഥലമുണ്ട്.

**(ഡി)** മേൽപ്പറഞ്ഞ സ്ഥലം പ്രയോജനപ്പെടുത്തി ജില്ലയിൽ പുതിയ വ്യവസായ സംരംഭം തുടങ്ങുന്ന വിഷയം പരിഗണിക്കാമോ; വിശദാംശം അറിയിക്കാമോ?

**മറുപടി:** മില്ലിന്റെ കൈവശമുള്ള ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലം പ്രയോജനപ്പെടുത്തി പുതിയ സംരംഭങ്ങൾ ആരംഭിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

**സെക്ഷൻ ഓഫീസർ**